"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഊർജ്ജ വകുപ്പ് - ജീവനക്കാര്യം - കെ.എസ്.ഇ.ബി.ലിമിറ്റഡ് വിജിലൻസ് വിഭാഗത്തിൽ ശ്രീ.ഷൈനു തോമസ്, ഡി.വൈ.എസ്.പി - യുടെ (PEN. No. 113645) അന്യത്രസേവന കാലയളവ് (രണ്ടാം തവണ ) ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ് വകുപ്പ്**

G.O.(Rt)No.28/2026/POWER തീയതി,തിരുവനന്തപുരം, 04-02-2026

---

പരാമർശം:-

1. സ.ഉ.(സാധാ) നം. 233/2024/Power തീയതി 12/12/2024.
2. സംസ്ഥാന പോലീസ് മേധാവിയുടെ 12/11/2025തീയതിയിലെ A8-218463/2025/PH നമ്പർ കത്ത്.
3. കെ.എസ്.ഇ.ബി.ലിമിറ്റഡ് സെക്രട്ടറിയുടെ 17/11/2025-ലെ VIG/A6/48/2025/KSEBL/1378 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ശ്രീ.ഷൈനു തോമസ് ഡി.വൈ.എസ്.പി (PEN. No. 113645) -യെ പരാമർശം (1) പ്രകാരം കെ.എസ്.ഇ.ബി.ലിമിറ്റഡ് വിജിലൻസ് വിഭാഗത്തിൽ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേക്ക് നിയമിച്ചിരുന്നു. ടിയാന്റെ നിലവിലെ അന്യത്രസേവന കാലയളവ് 15/12/2025 ൽ അവസാനിക്കുന്ന സാഹചര്യത്തിൽ പരാമർശം (2) ലെ സംസ്ഥാന പോലീസ് മേധാവിയുടെ നിരാക്ഷേപ പത്രത്തിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥന്റെ അന്യത്ര സേവന കാലയളവ് ഒരു വർഷം കൂടി (രണ്ടാം തവണ) ദീർഘിപ്പിച്ചു നൽകുവാൻ സെക്രട്ടറി,കെ.എസ്.ഇ.ബി ലിമിറ്റഡ് പരാമർശം (3) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് വിജിലൻസ് വിഭാഗത്തിൽ ശ്രീ.ഷൈനു തോമസ്, ഡി.വൈ.എസ്.പി (PEN. No. 113645) -യുടെ അന്യത്രസേവന കാലയളവ് അന്യത്രസേവനം സംബന്ധിച്ച പതിവ് നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി 16/12/2025 മുതൽ ഒരു വർഷത്തേക്ക് കൂടി (രണ്ടാം തവണ) ദീർഘിപ്പിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAHNA KUMARI S L
UNDER SECRETARY

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം.
സംസ്ഥാന പോലീസ് മേധാവി, കേരളം, തിരുവനന്തപുരം.
ചീഫ് വിജിലൻസ് ഓഫീസർ, കെ.എസ്.ഇ.ബി. ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ (ചീഫ് വിജിലൻസ് ഓഫീസർ, കെ.എസ്.ഇ.ബി. ലിമിറ്റഡ് മുഖാന്തിരം)
പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
**Signed by Manoj S**
**Date: 04-02-2026 17:09:50**
സെക്ഷൻ ഓഫീസർ